# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3826

11/11/2019-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. എം. മുകേഷ് | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|
| (എ) സംസ്ഥാന ജലപാതയേയും ദേശീയ ജല പാത-3 നേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള കരാർ ഇപ്പോൾ വ്യവസ്ഥകൾക്ക് വിധേയമായാണോ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത് , ഏതെല്ലാമാണ് വ്യവസ്ഥകൾ , വിശദാംശം ലഭ്യമാക്കുമോ ; | (എ) അതെ. ദീർഘിപ്പിച്ച നൽകിയ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുന്നതാണെന്നും ചീഫ് എഞ്ചിനീയർ (ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്), ഡയറക്ടർ , ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറേറ്റ് എന്നിവർ എല്ലാ ആഴ്ചയിലും പ്രവൃത്തിയുടെ അവലോകനം നടത്തുകയും ആയത് സർക്കാരിന് ആഴ്ചതോറും റിപ്പോർട്ട് ചെയ്യേണ്ടതുമാണ് എന്ന വ്യവസ്ഥകളോടെയാണ് കരാർ നീട്ടി കൊടുത്തിട്ടുള്ളത്. |
| (ബി) പ്രസ്തുത വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ നടന്നിട്ടുണ്ടോയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ , ഇപ്പോൾ ദീർഘിപ്പിച്ച് നൽകിയ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ , വിശദാംശം ലഭ്യമാക്കുമോ ? | (ബി) വിലയിരുത്തിയിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതപ്പെടുത്തി നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ